# ജീവശ്വാസം പകരുന്ന ദൈവം

## ഇയ്യോബ് 32:8,9

“എന്നാൽ മനുഷ്യരിൽ ആത്മാവുണ്ടല്ലോ. സർവ്വശക്തന്റെ ശ്വാസം അവർക്കു വിവേകം നൽകുന്നു. പ്രായം ചെന്നവരത്രേ ജ്ഞാനികൾ എന്നില്ല, വൃദ്ധന്മാരത്രേ ന്യായബോധമുള്ളവർ എന്നുമില്ല.”

ദൈവം തന്റെ ജീവശ്വാസം ഊതി പൊടിയിൽ നിന്നും മനുഷ്യനെ സൃഷ്ടിച്ചുവെന്ന് ഉല്പത്തി 2:7 ൽ നാം വായിക്കുന്നുണ്ട്. ദൈവത്തിന്റെ അതേ സാദൃശ്യത്തിലും സ്വരൂപത്തിലും മനുഷ്യനെ സൃഷ്ടിച്ച ദൈവം തന്റെ ആത്മാവിനെ നമ്മിലാക്കിയത് അവിടുത്തെ ദിവ്യതേജസ്സിൽ നാം ജീവിക്കുവാൻ വേണ്ടിയായിരുന്നു. എന്നാൽ പാപം ചെയ്ത മനുഷ്യൻ ദൈവത്തിൽ നിന്നും അകന്നുമാറിയപ്പോൾ ദൈവീകതേജസ്സും നമ്മിൽ നിന്നും നഷ്ടമാക്കിക്കളഞ്ഞു.

ഇപ്രകാരം ദൈവീകപരിജ്ഞാനം നഷ്ടമാക്കിയ മനുഷ്യരാശിയെ വീണ്ടെടുത്തു രക്ഷിക്കുവാൻ കർത്താവായ യേശുക്രിസ്തു മനുഷ്യരൂപമെടുത്ത് ലോകത്തിൽ ഭൂജാതനായിത്തീർന്നു. കർത്താവിലൂടെ ദൈവത്തിങ്കലേയ്ക്ക് അടുത്തുവരുന്ന ഓരോ ദൈവപൈതലിനെയും പരിശുദ്ധാത്മാവാകുന്ന കാര്യസ്ഥൻ വഴിനടത്തുന്നു എന്ന് യോഹന്നാൻ 16:8 ാം വാക്യത്തിൽ കാണാവുന്നതാണ്. പ്രിയജനമേ ഇന്ന് ദൈവമക്കൾ എന്നവകാശപ്പെടുന്ന നാം ഓരോരുത്തരും ഈ പരിശുദ്ധാത്മാവിനാൽ പുതിയ സൃഷ്ടിയാക്കപ്പെട്ട് ദൈവീകതേജസ്സു പ്രാപിക്കുകയും ദൈവീക പരിജ്ഞാനത്താൽ നിറയപ്പെടുകയും ചെയ്തത് ദൈവത്തിന്റെ കൃപ നമ്മിലേക്ക് ചൊരിയപ്പെട്ടതുകൊണ്ടു മാത്രമാണ്. അതിനായി ഈ പകൽക്കാലം നമുക്ക് ദൈവത്തെ സ്തുതിക്കാം, സ്തോത്രം ചെയ്ത് മഹത്വപ്പെടുത്താം.

1 രാജാക്കന്മാർ 3 ാം അദ്ധ്യായം വായിക്കുമ്പോൾ ദൈവസന്നിധിയിൽ ശലോമോന്റെ അപേക്ഷ എന്താണെന്ന് നാം ആഴമായി ചിന്തിക്കേണ്ട ഒരു കാര്യമാണ്. യിസ്രായേൽ ജനത്തെ ഭരിക്കുവാനും, ഗുണവും ദോഷവും തിരിച്ചറിഞ്ഞ് ന്യായപാലനം ചെയ്യുവാൻ വിവേകമുള്ള ഒരു ഹൃദയം മാത്രമാണ് ശലോമോൻ ദൈവത്തോട് അപേക്ഷിക്കുന്നത്. എന്നാൽ ദൈവം അവൻ ചോദിക്കാത്ത സകല നന്മകളും നൽകി അവനെപ്പോലെ സമനായവൻ ആരുമുണ്ടാവാത്തവണ്ണം അവനെ മാനിച്ചുയർത്തിയതായി നമുക്ക് വായിക്കാവുന്നതാണ്.

നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ നാം ഇപ്രകാരമാണോ ദൈവസന്നിധിയിൽ ആയിരിക്കുന്നത് എന്ന് ഒന്നു വിചിന്തനം ചെയ്യാം. ഒരുപക്ഷേ ഒരുപാട് സമ്പത്തും ധനവും

മാനവുമൊക്കെ നാം ദൈവത്തോട് അപേക്ഷിച്ച് വാങ്ങിയിട്ടുണ്ടാവാം. എന്നാൽ ദൈവീക പരിജ്ഞാനമുള്ള ഒരു ഹൃദയം നൽകണമേ എന്ന് നാം വാസ്തവമായി അപേക്ഷിച്ചിട്ടുണ്ടോ. നമ്മുടെ തലമുറകൾ അപ്രകാരം വിവേകമുള്ള ഹൃദയത്തിന്റെ ഉടമകളായിത്തീരണമേ എന്ന് നമുക്കും പ്രാർത്ഥിക്കാം. അവരുടെ ഭൗതീകമായിട്ടുള്ള എല്ലാ ആവശ്യങ്ങളും നാം നല്ല നിലവാരത്തിൽ തന്നെ ചെയ്തു കൊടുക്കുവാൻ ആവുന്നത്ര ശ്രമിക്കുന്നുണ്ട്. എന്നാൽ ദൈവാത്മാവിനാൽ അവർ നയിക്കപ്പെടേണ്ടത് എല്ലാറ്റിലുമുപരി പ്രാധാന്യമർഹിക്കുന്നതാണെന്ന് മുകളിൽ പറഞ്ഞ വാക്യത്തിലൂടെയല്ലാം നമുക്ക് മനസ്സിലാക്കാവുന്നതാണ്.

യെഹെസ്കേൽ 37:5,6 വാക്യത്തിൽ യെഹെസ്കേൽ പുരോഹിതനിലൂടെ, മരിച്ചു കിടക്കുന്ന അസ്ഥികളെ ജീവശ്വാസംനൽകി ദൈവം ഉയർത്തിയെഴുന്നേല്പിക്കുന്നതായിട്ടാണല്ലോ നാം കാണുന്നത്. യെഹെസ്കേൽ പുരോഹിതൻ തന്നോട് അരുളിചെയ്ത ദൈവീക കല്പനപ്രകാരം പ്രവചിച്ചപ്പോൾ മരിച്ച അസ്ഥികളിൽ ത്വക്ക് വെച്ച് ജീവനുള്ള ദേഹികളായിത്തീർന്നു.

പ്രിയദൈവജനമേ കർത്താവായ യേശുക്രിസ്തുവിന്റെ മഹാരക്ഷയിലൂടെ ദൈവീക തേജസ്സിലേക്ക് കടന്നുവന്ന നാം ഓരോരുത്തരും നമ്മുടെയോ സമൂഹത്തിന്റെയോ കുടുംബത്തിലെയോ എവിടുത്തെയായാലും മരിച്ചുകിടക്കുന്ന അവസ്ഥകളിൽ ജീവശ്വാസം പകർന്നുകൊടുക്കുവാൻ വിളിക്കപ്പെട്ടവരാണ് എന്ന യാഥാർത്ഥ്യം മറന്നു പോകരുത്.

ആയതിനാൽ അനുദിനവും ദൈവീകജ്ഞാനത്താൽ നിറയപ്പെട്ട അനുഭവം പ്രാപിക്കേണ്ടതിന് കർത്താവിനോട് അടുത്തു ചെല്ലുക. അവിടുത്തെ സന്നിധിയിൽ നമ്മുടെ ഹൃദയത്തെ പൂർണ്ണമായി പകർന്നുകൊടുക്കാം. ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

സദൃശ്യവാക്യങ്ങൾ 2:6

യഹോവയല്ലോ ജ്ഞാനം നൽകുന്നത്. അവന്റെ വായിൽ നിന്ന് പരിജ്ഞാനവും വിവേകവും വരുന്നു.

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 062